**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** | **26.6.2013 ലെ മറുപടിയ്ക്ക്**

**ചോദ്യം നം. 4200**

**സീപ്ലെയിൻ സർവ്വീസിനെ കുറിച്ച് മത്സ്യത്തൊഴിലാളികൾക്കിടയിൽ ഉടലെടുത്തിട്ടുള്ള ആശങ്ക**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. ജി. സുധാകരൻ**<br>**ശ്രീ. എസ്. ശർമ്മ**<br>**ശ്രീ. ബി.ഡി.ദേവസ്സി**<br>**ശ്രീ.പി.കെ.ഗുരുദാസൻ** | **ശ്രീ. എ.പി.അനിൽ കുമാർ**<br>**ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി** |
| സീപ്ലെയിൻ സർവ്വീസിനു വേണ്ടി ഏതെല്ലാം ജലാശയങ്ങളിലാണ് ഡ്രോമുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്നും നിർദ്ദിഷ്ട റൂട്ടിലെ സീപ്ലെയിൻ സർവ്വീസ് മൂലം മത്സ്യ സമ്പത്തിനും മത്സ്യബന്ധനത്തിനും ജലാശയത്തിന്റെ ആവാസവ്യവസ്ഥയ്ക്കും എന്തെല്ലാം ഭീഷണികൾ ഉയർത്തുന്നതായിട്ടാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | കൊല്ലത്ത് അഷ്ടമുടി, ആലപ്പുഴയിൽ പുന്നമട എന്നീ ജലാശയങ്ങളിലാണ് ഇപ്പോൾ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്. കേരള സീപ്ലെയിൻ പദ്ധതിക്കു വേണ്ടി കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡ് തയ്യാറാക്കിയ ഡി.പി.ആർ പ്രകാരം സീപ്ലെയിൻ സർവ്വീസ് മൂലം മത്സ്യസമ്പത്തിനും മത്സ്യബന്ധനത്തിനും ജലാശയത്തിലെ ആവാസവ്യവസ്ഥയ്ക്കും ഭീഷണി ഉയർത്തുന്നില്ല. കൂടാതെ ജലാശയങ്ങളിലെ മത്സ്യബന്ധനവും വലകളും ഇല്ലാത്ത ഒരു ചെറിയ പ്രദേശം മാത്രമാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. കൂടാതെ സീപ്ലെയിനുകളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനം നിറയ്ക്കൽ മുതലായവ വിമാനത്താവളങ്ങളിൽ വെച്ച് മാത്രം നടത്തുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതിനാൽ ഇവ മൂലമുള്ള ജലമലിനീകരണം തീർത്തും ഇല്ല. ഇവ ജലത്തിൽ ഉണ്ടാക്കുന്ന ഓളങ്ങൾ കേരളത്തിൽ സർവ്വ സാധാരണമായി ഉപയോഗിക്കപ്പെടുന്ന ഔട്ട് ബോർഡ് എഞ്ചിനുകൾ, സ്പീഡ് ബോട്ടുകൾ എന്നിവ വഴി ഉണ്ടാകുന്നവയേക്കാൾ താരതമ്യേന കുറവാണ്. കൂടാതെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടത്താത്തതിനാൽ ഇവയും പരിസ്ഥിതിയെ ബാധിക്കുന്നില്ല. ടോയിലറ്റ്, ഭക്ഷണ സൗകര്യം ഇവ ഇല്ലാത്തതിനാൽ ഒരു തരത്തിലുള്ള മാലിന്യങ്ങളും സീപ്ലെയിനുകളിൽ നിന്നും ജലത്തിലേക്ക് പുറന്തള്ളപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ